# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 04/2024
# 15.06.2024 എ.കെ.ജി.സി.ടി ഭവൻ

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന. സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. നാലുവർഷ ബിരുദ കോഴ്സ്
6. മെമ്പർഷിപ്പ് / യൂണിറ്റ് വിസിറ്റ്
7. പ്ലെയിസ്മെന്റ്
8. സൊസൈറ്റി
9. വിവിധ സബ് കമ്മറ്റികൾ
10. മറ്റ് ആവശ്യമായ കാര്യങ്ങൾ.

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം. കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., ഡോ. എ. ബാലകൃഷ്ണൻ, ഡോ. മാണിക്ക്യരാജ് കെ., സോബിൻ വർഗ്ഗീസ് എം. വി., ഡോ.വിഷ്ണു വി.എസ്., ഡോ. ബി. അശോക്, ഡോ. ഗായത്രിദേവി ജി., ഡോ.സുനിൽ രാജ്, ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. റിജുലാൽ ജി., രജിത സി. ആർ., ഡോ. സുശാന്ത് പി., ഡോ. ജിനീഷ് പി. എസ്., ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ. കെ. റഹീം, ഡോ. മോത്തി ജോർജ്, അനൂപ് ജെ. ആലക്കപ്പള്ളി, സജീവ് യു. എസ്., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഉദയകുമാർ, ഡോ. സി. വി. ഷാജി, ഡോ. ശരത്ത് എസ്., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അജി. പി. എൽ., ഡോ. റോസ് നിക്സ് പി.കെ., ഡോ. മുഹമ്മദ് ബഷീർ ടി., ഡോ.ബേബി ഷീബ.സി. പി., ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. ആർ. പ്രഗാഷ്, ഡോ. സുജ ടി.വി., ഡോ. സെനോ ജോസ്, ഡോ. രഞ്ജിത് മോഹൻ പി.

രാവിലെ 10 മണിക്ക് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആദ്ധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ.എം.കെ ഗീതാ നമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

മുതിർന്ന സി.പി.ഐ(എം) നേതാവും കർഷക തൊഴിലാളി യൂണിയൻ സ്ഥാപക നേതാക്കളിൽ ഒരാളുമായിരുന്ന സ. കെ എസ് ശങ്കരൻ,സിനിമ - മിമിക്രി താരം കോട്ടയം സോമരാജ്, പ്രശസ്ത നിർമ്മാതാവും റാമോജി റാവു ഫിലിം സിറ്റി സ്ഥാപകനുമായ റാമോജി റാവു, എഴുത്തുകാരൻ ചെലവൂർ വേണു,മുൻ ഫുട്ബോൾ താരവും പരിശീലകനുമായിരുന്ന ടി. കെ. ചാത്തുണ്ണി, പത്മശ്രീ ജേതാവായ സരോദ് വിദ്വാൻ പണ്ഡിറ്റ് രാജീവ് താരാനാഥ്, കുവൈത്തിലെ മംഗഫിൽ ഫ്ലാറ്റ് സമുച്ചയത്തിലെ തീപിടിത്തത്തിൽ മരണമടഞ്ഞവർ എന്നിവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി. സംസ്ഥാന പ്രവർത്തകസമിതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു.

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

സംഗീത കോളേജ് അധ്യാപകരുടെ സർവീസ് സംബന്ധമായ വിഷയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സംഘടന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.നിയമസഭാ സമ്മേളനം നടക്കുന്ന ഈ കാലയളവിൽ തന്നെ ചർച്ച നടക്കുന്നതാണ്. കോളേജുകളിൽ ഗസ്റ്റ് അധ്യാപക നിയമനം സംബന്ധിച്ച ഉത്തരവിൽ വ്യക്തത വേണമെന്നാവശ്യപ്പെട്ട് സംഘടന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. എത്രയും വേഗം ഉത്തരവ് ഇറങ്ങുന്നതാണ്. പറവൂർ കോളേജിന്റെ പ്രവർത്തനം സുഗമമാക്കുക, മഹാരാജാസ് കോളേജിലെ രണ്ട് കോസ്റ്റ് ഷെയറിങ് കോഴ്സുകൾ റഗുലറൈസ് ചെയ്യുക, പ്രിൻസിപ്പൽ ചാർജ്ജ് വഹിക്കുന്ന അധ്യാപകർക്ക് പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കുക തുടങ്ങിയ വിഷയത്തിൽ സംഘടന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് കത്ത് നൽകുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തു. മേൽ വിഷയങ്ങൾ ധനകാര്യ മന്ത്രിയുമായി ചർച്ച ചെയ്യാമെന്ന് മന്ത്രി ഉറപ്പ് നൽകി. കോളേജുവിദ്യാഭ്യാസ വകുപ്പിൽ ഡയറക്ടർക്ക് വേണ്ടി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉത്തരവ് ഇറക്കുന്ന രീതി അവസാനിപ്പിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് സംഘടന ഉന്നതവിദ്യാഭ്യാസ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലെ നമ്മുടെ അധ്യാപകരുടെ വർക്ക് ലോഡ് വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ട്.

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് എത്രയും വേഗം സർക്കാർ ട്രിബ്യൂണലിനെ സമീപിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തി പ്രിൻസിപ്പൽ നിയമന നടപടികൾ മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കും. ഡി. ഡി. പ്രമോഷൻ ഉത്തരവ് ഉടനെ ഇറങ്ങുന്നതാണ്.

പ്ലെയ്സ്മെന്റ് /പ്രൊമോഷൻ നടപടികളിൽ ഇലക്ഷന്റെ പെരുമാറ്റചട്ടം നീങ്ങിയ സാഹചര്യത്തിൽ ഉടനെ ആരംഭിക്കണമെന്നാവശ്യപ്പെട്ട് സംഘടന കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ആവശ്യമായ ഇടപെടൽ നടത്തുകയും, ഇവ എത്രയും വേഗം പുനരാരംഭിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. ഈ മാസം തന്നെ അസോസിയേറ്റ് പ്രൊഫസ്സർ/ പ്രൊഫസർ ഇന്റർവ്യൂ നടക്കുന്നതാണ്. 6000-7000 പ്ലെയ്സ്മെന്റ് ഉത്തരവ് ഉടനെ ഇറങ്ങും. സ്ഥലംമാറ്റം സംബന്ധിച്ച് കരട് ലിസ്റ്റ് ജൂൺ 13ന് കോളേജ് വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഉണ്ടാവുന്ന പരാതികൾ ജില്ലയിൽ നിന്നും ക്രോഡീകരിച്ച് ജില്ലാ സെക്രട്ടറിമാർ സംസ്ഥാന സമിതിക്ക് നൽകണം.

കണ്ണൂർ സർവ്വകലാശാല സിലബസ് പൂർത്തീകരണത്തിനായി സംഘടന നിരന്തര ഇടപെടൽ നടത്തിവരുന്നു. സിലബസ് പൂർത്തീകരണം അവസാന ഘട്ടത്തിലാണ്. കാലിക്കറ്റ് സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയം, സർക്കാർ കോളേജ്/ അധ്യാപകർക്ക് സർവ്വകലാശാല ഏകപക്ഷീയമായി ഫൈൻ ഏർപ്പെടുത്തുന്ന വിഷയം, എന്നിവയിൽ 24-5-2024 ന് സംഘടനാ നേതൃത്വം ബഹു. വൈസ് ചാൻസിലറെ നേരിൽ കണ്ട് പരാതി നൽകുകയും ഈ വിഷയം സംഘടനകളുടെ യോഗം വിളിച്ച് ചർച്ചയിലൂടെ പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇതേ തുടർന്ന് സർവ്വീസ് സംഘടനകളുമായി 07-06-2024ന് ബഹു. വൈസ് ചാൻസിലർ ചർച്ച നടത്തുകയുണ്ടായി. സംഘടനാ നിലപാട് ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ യോഗത്തിൽ വ്യക്തമാക്കി. ചർച്ചയുടെ ഭാഗമായി ഫൈൻ വിഷയത്തിൽ ബന്ധപ്പെട്ട അധ്യാപകർ/ കോളേജ് സർവകലാശാലക്ക് പരാതി നൽകാനും, പ്രസ്തുത പരാതികൾ അദാലത്ത് നടത്തി പരിഹാരം കാണാനും തീരുമാനമായി. സംഘടനകളുമായി ചർച്ചയിൽ ഉണ്ടാവുന്ന ധാരണയ്ക്ക് വിരുദ്ധമായി ഉത്തരവുകൾ

ഇറക്കുന്നത് ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി സർവകലാശാല കൈക്കൊള്ളാമെന്ന് ധാരണയായി. പേപ്പർ വാല്യുവേഷൻ സംബന്ധിച്ച് നിലവിലുള്ള രീതി തുടരുവാൻ തീരുമാനിച്ചു. നാലുവർഷ ഡിഗ്രിയുടെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി സംഘടനകളുമായി മറ്റൊരു മീറ്റിംഗ് നടത്തുവാനും തീരുമാനിച്ചു.

കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പിൽ സർക്കാർ കോളേജ് അധ്യാപക മണ്ഡലത്തിൽ നിന്നും സോബിൻ വർഗ്ഗീസും, പൊതുമണ്ഡലത്തിൽ നിന്നും സുശാന്ത് പിയും ആണ് വിജയിക്കേണ്ടിയിരുന്നത്. എന്നാൽ സർവകലാശാലയുടെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടിക്രമങ്ങളിലെ വീഴ്ചമൂലം സർക്കാർ കോളേജ് അധ്യാപക മണ്ഡലത്തിൽ നിന്നും സുശാന്ത് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥിതിയും സോബിൻ തോൽക്കുന്ന അവസ്ഥയുമാണ് ഉണ്ടായിരിക്കുന്നത്. മേൽ അപാകത ചൂണ്ടി കാണിച്ചുകൊണ്ട് സർവകലാശാല വൈസ് ചാൻസിലർക്ക് പരാതി നൽകിയിട്ടുണ്ട്. പരാതിയിൽ അനുകൂല തീരുമാനം ഉണ്ടാകാത്ത പക്ഷം ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

മെമ്പർഷിപ്പ് പ്രവർത്തനം ജൂലൈ അവസാനത്തോടെ പൂർത്തീകരിക്കണം. യൂണിറ്റ് വിസിറ്റ് എത്രയും വേഗം ആരംഭിക്കണം. അതിനുശേഷം കെട്ടിടഫണ്ട് സമാഹരണം ആരംഭിക്കുകയും, കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്.

നാലു വർഷ ഡിഗ്രി കോഴ്സുകൾ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ വേണ്ട ഇടപെടൽ നമ്മൾ നടത്തണം. യു.ജി.സി ഏഴാം ശമ്പള പരിഷ്കരണത്തിന്റെ കേന്ദ്ര വിഹിതം നേടുന്നതിനായി ഐഫെക്ടോ തലത്തിൽ വേണ്ട ഇടപെടൽ നടത്തുന്നതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ വരുന്ന നമ്മുടെ അധ്യാപകരുടെ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എഫ്.എസ്.ഇ.ടി.ഒ യുമായി ചേർന്ന് വേണ്ട ഇടപെടൽ നടത്തണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. മെമ്പർഷിപ്പ് പ്രവർത്തനം ജൂലൈ മാസം പൂത്തീകരിക്കുകയും, യൂണിറ്റ് വിസിറ്റ് സമയബന്ധിതമായി നടത്തുകയും വേണം.
2. മഹാരാജാസ് കോളേജ് ഒട്ടോണമസ് പദവിയിലേക്ക് മാറിയതിനു ശേഷം നിലനിൽക്കുന്ന വിഷയങ്ങൾ എ.സി.എസ്.ആർ.ന്റെ നേതൃത്വത്തിൽ പഠനം നടത്തി അടുത്ത പ്രവർത്തക സമിതിയിൽ പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കണം.
3. അക്കാദമിക് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് ജേർണൽ പ്രസിദ്ധീകരണങ്ങൾ സംബന്ധിച്ച് ഓറിയന്റേഷൻ നൽകാൻ തീരുമാനിച്ചു.
4. സർക്കാർ കോളേജിൽ ഗവേഷണം നടത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഫെലോഷിപ്പ് ലഭിക്കാൻ ആവശ്യമായ ഇടപെടൽ സർക്കാർ തലത്തിൽ നടത്തും.
5. സർക്കാർ കോളേജുകളിൽ മുടങ്ങിക്കിടക്കുന്ന കിഫ്ബി വർക്കുകൾ ആരംഭിക്കാൻ വേണ്ട ഇടപെടൽ നടത്തും.
6. പുതിയ ഗസറ്റ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ യു.ജി.സി. ഉത്തരവിൽ വ്യക്തത വരുത്താൻ വേണ്ട ഇടപെടൽ നടത്തുന്നതാണ്.
7. മുഴുവൻ സർക്കാർ കോളേജുകൾക്കും മാസ്റ്റർപ്ലാൻ തയാറാക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടും.
8. യൂണിറ്റ് ഭാരവാഹികൾക്ക് മേഖലാ തലത്തിൽ ട്രെയിനിംങ് നടത്തും.
9. ഗസ്റ്റ് അധ്യാപക നിയമനത്തിന് വ്യക്തമായ ഉത്തരവ് ഇറക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

10. ഏഴാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള യു.ജി.സി. അരിയർ ലഭിക്കാൻ ഐഫെക്ടോ തലത്തിൽ കേന്ദ്രത്തിൽ ഇടപെടൽ നടത്തും.
11. ഇലക്ഷൻ പെരുമാറ്റച്ചട്ടത്തിന്റെ പശ്ചാത്തലത്തിൽ താൽക്കാലികമായി നിർത്തിവെച്ച പ്ലെയ്സ്മെന്റ് നടപടികൾ പുനരാരംഭിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നൽകും.

യോഗം വൈകുന്നേരം 5 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
15-06-2024

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി